# 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1534** **30-08-2022 - ൽ മറുപടിയ്ക്ക്**

## ഭവന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വീടില്ലാത്തവർക്ക് വീട് ലഭിക്കുന്നതിനായി ഭവനനിർമ്മാണ വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സ്വന്തമായി രണ്ട്/മൂന്ന് സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS) / താഴ്ന്ന വരുമാന (LIG) വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് സന്നദ്ധസംഘടന/NGO/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സബ്സിഡി നല്കുന്ന 'ഗൃഹശ്രീ' പദ്ധതിയും, 2 ലക്ഷം രൂപ സബ്സിഡി നല്കുന്ന, 3 ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിൽപെടുന്ന ഭൂ-ഭവന രഹിതരായ 'ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി'-യും സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നുണ്ട്.<br><br>സംസ്ഥാന നിർമ്മിതി കേന്ദ്രം വീടില്ലാത്തവർക്ക് വീട് ലഭിക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിൽ 'സ്വയം പര്യാപ്ത കെട്ടിട സമുച്ചയം' എന്ന പേരിൽ 30 യൂണിറ്റുകൾ ഉൾപ്പെടുന്ന കെട്ടിട സമുച്ചയത്തിന് തുടക്കം കുറിക്കുകയും ആദ്യഘട്ടത്തിൽ 16 യൂണിറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ